വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം/വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർ (ജനറൽ) ൻെറ നടപടിക്രമം.

(ഹാജർ: ജി.സതീഷ് ചന്ദ്രൻ)

ഇസി1/23581/2012 തീയതി : 15/02/2013

വിഷയം:- വ്യവസായം - സ്ഥാപകം - ശ്രീ . കെ.രാജൻ, വ്യവസായ വികസന ഓഫീസർക്ക് സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1) 10.02.2012 തീയതിയിലെ ശ്രീ .കെ.രാജൻ, വ്യവസായ വികസന ഓഫീസറുടെ അപേക്ഷ.

2) ജി.ഒ. (പി) നം. 1016/2000/ഫിൻ ,തീയതി 12.7.2000

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ വ്യവസായ വികസന ഓഫീസറായ ശ്രീ.കെ. രാജൻെറ സൂചന പ്രകാരമുള്ള അപേക്ഷയിൽ ടിയാൻ 01.08.2003 തീയതിയിൽ നേരിട്ടുള്ള നിയമനം വഴി ജൂനിയർ സഹകരണ ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ കാലയളവായ 1-8-03 മുതൽ തുടർച്ചയായ 3 വർഷത്തിനിടയിൽ കേരളാ പി.എസ്.സി നടത്തുന്ന ഡിപ്പാർട്ട്മെൻറൽ ടെസ്റ്റ് പാസാകാതിരുന്നതിനാൽ 12.01.2010 തീയതി പ്രകാരമാണ് ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ ടിയാൻെറ പരിവീക്ഷാകാലം പ്രഖ്യാപിച്ചത്. അായതിൻെറ അടിസ്ഥാനത്തിൽ 2.6.2011 ലെ ഉത്തരവിൽ ടിയാന് സീനിയർ സഹകരണ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. 12.01.2010 തീയതിയിൽ പരിവീക്ഷാകാലം പ്രഖ്യാപിച്ച് ഉത്തരവായിട്ടുള്ളതിനാൽ ടി തീയതിപ്രകാരം സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ മുൻകാല പ്രാബല്യം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. 12.01.2010 തീയതിക്കുശേഷം 31.3.2010 തീയതിയിലാണ് SCI തസ്തികയിൽ ഒഴിവ് ഉണ്ടായിട്ടുള്ളത്. അായതിൻെറ അടിസ്ഥാനത്തിൽ ടിയാൻെറ ജൂനിയർമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ള 31.3.2010 തീയതിമുതൽ ടിയാന് മുൻകാല പ്രാബല്യം അനുവദിക്കാവുന്നതാണ്. അതിനാൽ സൂചന (2) ലെ സർക്കാർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ "ശമ്പളക്കുടിശ്ശിക അനുവദിക്കില്ല" എന്ന വ്യവസ്ഥയിൽ 31.3.2010 മുതൽ നോഷണൽ പ്രമോഷൻ നൽകി താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ വ്യവസായ വികസന ഓഫീസറായ ശ്രീ . കെ .രാജന് സീനിയൽ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ 31.03.2010 മുതൽ മുൻകാല പ്രാബല്യത്തോടെ " ശമ്പളകുടിശ്ശിക അനുവദിക്കില്ല" എന്ന വ്യവസ്ഥയിൽ നോഷണൽ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവനുസരിച്ച് നിയന്ത്രണാധികാരി അനന്തരനടപടി സ്വീകരിക്കുകയും അായത് ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഒപ്പ്/-

വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർ

(ജനറൽ)

സ്വീകർത്താവ്: ശ്രീ.കെ.രാജൻ,

വ്യവസായ വികസന ഓഫീസർ,

ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ,

(നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:- 1) ജനറൽ മാനേജർ,

ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ

2) സീനിയോരിറ്റി വിംഗ്.

3) സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

Prasanna

ജൂനിയർ സൂപ്രണ്ട്.

ജികെസി I